**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **24-02-2026 - ൽ മറുപടിയ്ക്ക്**

**ചൊവ്വര ജലശുദ്ധീകരണ ശാലയിലെ വൈദ്യുതി തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ കരയിലെ ശുദ്ധജലക്ഷാമത്തിന് കാരണമാവുന്ന ചൊവ്വര ജലശുദ്ധീകരണ ശാലയിലെ അടിക്കടി ഉണ്ടാവുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി കെ. എസ്. ഇ. ബി. യുടെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 06.08.2024-ന് ഭരണാനുമതി ലഭ്യമായിട്ടുള്ളതും കെ. എസ്. ഇ. ബി. ക്ക് കെട്ടിവെക്കേണ്ടതുമായ 4,41,28,000/- രൂപ ജലവിഭവ വകുപ്പ് കെട്ടിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ചൊവ്വര ജലശുദ്ധീകരണ ശാലയിൽ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി "Drawing 1 No. Dedicated 11 KV UG Cable Feeder Line from Aluva 110 KV Sub Station to Water Treatment Plant at Chowara" എന്ന പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമ നമ്പർ KWA-JB/5997/2024-AE2-Part I തീയതി 06.08.2024 പ്രകാരം 499 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി. 4,41,28,000/- രൂപ അടങ്കൽ തുകയായി അടക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ടി പ്രവൃത്തി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന "Optimization of Production and Transmission" എന്ന സംസ്ഥാന പദ്ധതി ശീർഷകത്തിന്റെ കീഴിലാണ് ഉൾപ്പെടുന്നത്. ടി പ്രവൃത്തി 2025–26 സാമ്പത്തിക വർഷത്തിലെ മുൻഗണന പട്ടികയിൽ 36-ാമതായി ഉൾപ്പെടുത്തിയിരിക്കുന്നു. 2025–26 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 4700.00 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്. ഇതിൽ നിന്ന് രണ്ടു ഗഡുക്കളായി 1645.00 ലക്ഷം രൂപ ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് മുൻഗണന പട്ടികയിലെ 1 മുതൽ 34 വരെ ഉൾപ്പെട്ട ബില്ലുകൾ പ്രോസസ് ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന ബജറ്റ് വിഹിതത്തിൽ നിന്നും ഈ തുക അടക്കാവുന്നതാണ്. |
| (ബി) | ടി തുക നാളിതുവരെ കെട്ടിവെച്ചിട്ടില്ലെങ്കിൽ ദ്വീപ് മണ്ഡലമെന്ന പരിഗണനയും കുടിവെള്ളത്തിനായി മറ്റു ശുദ്ധജലസ്രോതസ്സുകളൊന്നും ഇല്ല എന്ന വസ്തുതയും കണക്കിലെടുത്ത് ടി തുക പ്രത്യേക പരിഗണന നൽകി | (ബി) | ചൊവ്വര ജലശുദ്ധീകരണ ശാലയിൽ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി "Drawing 1 No. Dedicated 11 KV UG Cable Feeder Line from Aluva 110 KV Sub Station to |

| | | | | |
|---|---|---|---|---|
| | കെട്ടിവെക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | | Water Treatment Plant at Chowara” എന്ന പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമ നമ്പർ KWA-JB/5997/2024-AE2-Part I തീയതി 06.08.2024 പ്രകാരം 499 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി. 4,41,28,000/- രൂപ അടങ്കൽ തുകയായി അടക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ടി പ്രവൃത്തി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന “Optimization of Production and Transmission” എന്ന സംസ്ഥാന പദ്ധതി ശീർഷകത്തിന്റെ കീഴിലാണ് ഉൾപ്പെടുന്നത്. ടി പ്രവൃത്തി 2025–26 സാമ്പത്തിക വർഷത്തിലെ മുൻഗണന പട്ടികയിൽ 36–ാമതായി ഉൾപ്പെടുത്തിയിരിക്കുന്നു. 2025–26 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 4700.00 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്. ഇതിൽ നിന്ന് രണ്ട് ഗഡുക്കളായി 1645.00 ലക്ഷം രൂപ ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് മുൻഗണന പട്ടികയിലെ 1 മുതൽ 34 വരെ ഉൾപ്പെട്ട ബില്ലുകൾ പ്രോസസ് ചെയ്തിട്ടുണ്ട്. തുടർന്ന് വരുന്ന ബജറ്റ് വിഹിതത്തിൽ നിന്നും ഈ തുക അടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ